ലായി 205 പുതിയ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. പല പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായും മറ്റു ചില ആശുപത്രികളെ ജനറൽ ആശുപത്രി/താലൂക്ക് ആശുപത്രികളായും ഉയർത്തിയിട്ടുണ്ട്. പുതിയ അശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചില ആശുപത്രികളിലെ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവശ്യം വേണ്ട മരുന്നുകളും മറ്റു സാധന സാമഗ്രികളും വാങ്ങുന്നതിനുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളിലെ അത്യാഹിത വിഭാഗം നവീകരിക്കുകയും ഓപ്പറേഷൻ തീയറ്ററുകളിൽ അവശ്യം വേണ്ട ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. രോഗ നിർണ്ണയത്തിനായി അത്യന്താധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രികൾക്ക് ചുറ്റുമുള്ള അഴുക്കു ചാലുകൾ വൃത്തിയാക്കുന്നതിനും വാർഡുകൾ നവീകരിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സുതാര്യമായ ഔഷധനയം കൊണ്ടുവരികയും അതുവഴി മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ ജീവൻരക്ഷാ മരുന്നുകൾക്ക് അതീവ പ്രാധാന്യം നൽകിയിട്ടുണ്ട്. മെഡിക്കൽകോളേജ് ആശുപത്രികളിലെ സൂപ്രണ്ടുമാർക്ക് അടിയന്തിര ഘട്ടങ്ങളിൽ 20,000 രൂപ വരെ വിലയുള്ള മരുന്നുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിലേക്കായി ബജറ്റ് വിഹിതത്തിന്റെ 65% വരെയുള്ള തുകയ്ക്ക് ജീവൻ രക്ഷാമരുന്നുകൾ വാങ്ങുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം തന്നെയാണ് പ്രധാനമായും ആശുപത്രികൾക്കാവശ്യമുള്ള മരുന്നുകൾ വാങ്ങുന്നത്.

(ഡി) ഉണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ മരുന്ന് ലഭ്യമാകാതെ വന്നാൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് അവ വാങ്ങുവാൻ ബന്ധപ്പെട്ട ആശുപത്രി അധികൃതർക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ഇ) കേടായ ഉപകരണങ്ങൾ നന്നാക്കുന്നതിന് 25 ലക്ഷം രൂപ നടപ്പു വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേടായ ഉപകരണങ്ങൾ നന്നാക്കുന്നതിനും വാങ്ങുന്ന ഉപകരണങ്ങൾ യഥാവിധി ഉപയോഗിക്കുന്നതിനും ടെൻഡർ ഉറപ്പിക്കുന്ന ഘട്ടത്തിൽ തന്നെ ഇപ്പോൾ വ്യവസ്ഥകൾ വയ്ക്കുന്നുണ്ട്.

## വായ്പാ തിരിച്ചടവുകാലയളവിൽ മരിച്ചാൽ കടബാധ്യത ഏറ്റെടുക്കാൻ പദ്ധതി

19(*195) ശ്രീ. തോമസ് ചാഴികാടൻ:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് കാർഷിക വായ്പയെടുത്തയാൾ തിരിച്ചടവ് കാലയളവിൽ മരിച്ചാൽ അയാളുടെ കടബാധ്യത ഏറ്റെടുക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി എന്നുമുതൽ നിലവിൽ വന്നു എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് എത്ര കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്; പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

k l I eW hpv X pIapJ hpv h I p; pa{´ n (ശ്രീ. എം. വി. രാഘവൻ):

(എ) കാർഷിക വായ്പയെടുത്ത് തിരിച്ചടവ് കാലയളവിൽ വായ്പയെടുത്തവർ മരണപ്പെട്ട് പോവുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന വായ്പകളിൽ പരമാവധി ഒരു ലക്ഷം രൂപ വരെയുള്ള ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്ന റിസ്ക് ഫണ്ട് പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

(ബി) 2005 ഏപ്രിൽ ഒന്നു മുതൽ മുൻകാലപ്രാബല്യത്തോടെ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) തൻവർഷത്തെ ബഡ്ജറ്റിൽ 2.39 കോടി രൂപ 'റിസ്ക് ഫണ്ട്' പദ്ധതിയടക്കമുള്ള പദ്ധതികൾക്ക് വകയിരുത്തിയിട്ടുണ്ട്.

## സമ്പൂർണ്ണ ശുചിത്വ പദ്ധതികൾ

20(*196) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. രാജു എബ്രഹാം:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ശുചിത്വ പദ്ധതികൾ ഘട്ടം ഘട്ടമായി സംസ്ഥാന വ്യാപകമാക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സമ്പൂർണ്ണ ശുചിത്വ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(സി) കേരളത്തിലെ ഏതെല്ലാം ജില്ലകളാണ് ഇതിനകം സമ്പൂർണ്ണ ശുചിത്വ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly